**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4714** **19-07-2022 - ൽ മറുപടിയ്ക്ക്**

**മോയിൻ കുട്ടി വൈദ്യർ മാപ്പിള അക്കാദമിക്ക് പുതുക്കിയ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിയിൽ ഈ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ബദറുൽ മുനീർ ഹുസ്നുൽ ജമാൽ 150-ാം വാർഷികം ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടനം മുൻ സാംസ്കാരിക വകുപ്പ് മന്ത്രി ജൂലൈ 04-ന് കോഴിക്കോട് വെച്ച് നിർവ്വഹിച്ചു.<br><br>'സമം' പദ്ധതി, 'സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം', 1921 മലബാർ മഹാസമരത്തിന്റെ 100-ാം വാർഷികം സമാപനം, എന്നിവയുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ അക്കാദമി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ അന്ധരായ മാപ്പിളപ്പാട്ട് പഠിതാക്കൾക്കുള്ള ബ്രെയിലി ലിപിയിലുള്ള പുസ്തകങ്ങൾ പുറത്തിറക്കൽ, അക്കാദമിയുടെ സ്കൂൾ ഓഫ് മാപ്പിള ആർട്സ് വിവിധ ജില്ലകളിലേക്ക് വ്യാപിപ്പിക്കൽ, ഡിപ്പാർട്മെന്റ് ഓഫ് ഓഷ്യാനിക് സ്റ്റഡീസ് അക്കാദമി ലൈബ്രറിയിൽ ആരംഭിക്കൽ എന്നീ പദ്ധതികളും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര രൂപ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ 6,00,000/-രൂപയും (ആറു ലക്ഷം രൂപാ മാത്രം) നോൺ പ്ലാനിൽ 25,00,000/- രൂപയും (ഇരുപത്തി-യഞ്ച് ലക്ഷം രൂപാ മാത്രം) ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. |
| (സി) | ബജറ്റ് തുക അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ധനകാര്യ വകുപ്പ് മന്ത്രി ബജറ്റ് ചർച്ചയുടെ മറുപടിയിൽ പ്രഖ്യാപിച്ച വർദ്ധനവ് ഈ വർഷം | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | തന്നെ അനുവദിച്ച് കിട്ടുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ